**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4687** **13-03-2023 - ൽ മറുപടിയ്ക്ക്**

**വന്യജീവി വേട്ട നടത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ഷാഫി പറമ്പിൽ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനം വകുപ്പ് ജീവനക്കാർ വന്യജീവി വേട്ട നടത്തിയത് സംബന്ധിച്ച് എത്ര കേസുകൾ മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; അതിൽ എത്ര കേസുകളിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ? | (എ) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ വനം വകുപ്പ് ജീവനക്കാർ വന്യജീവി വേട്ട നടത്തിയത് സംബന്ധിച്ച് തിരുവനന്തപുരം ഡിവിഷനിലെ പാലോട് റെയിഞ്ചിലും, വയനാട് വൈൽഡ് ലൈഫ് ഡിവിഷന് കീഴിലെ മുത്തങ്ങ റെയിഞ്ചിലും ആയി ആകെ 2 കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>ഇതിൽ തിരുവനന്തപുരം ഡിവിഷനിലെ പാലോട് റെയിഞ്ചിൽ പച്ചമല സെക്ഷനിൽ ആനപ്പെട്ടി ഭാഗത്ത് 10.05.2022-ൽ മരണപ്പെട്ട കേഴമാനിന്റെ ജഡം നടപടിക്രമങ്ങൾ പാലിച്ച് മറവ് ചെയ്യാതെ ദിവസക്കൂലി വാച്ചറുമൊത്ത് എടുത്തുകൊണ്ട് പോയി ഭക്ഷണത്തിന് ഉപയോഗിച്ച കുറ്റത്തിന് ബീറ്റ് ഫോറസ്റ്റ് ഓഫീസർ ശ്രീ.എസ്.ഷജീദ്, ദിവസക്കൂലി വാച്ചറായിരുന്ന ശ്രീ.സനൽരാജ് എന്നിവരെ ഉൾപ്പെടെ പ്രതികളാക്കി വന്യജീവി സംരക്ഷണ നിയമ പ്രകാരം ഒ.ആർ.14/2022-ആയി 17.06.2022-ൽ പാലോട് റെയിഞ്ചിൽ ഒഫൻസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.<br><br>ഈ വിഷയത്തിൽ നിയമാനുസൃതം ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കാത്തതിന് റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ.റ്റി.അജികുമാറിനെതിരെ 06.03.2023 തീയതിയായി കുറ്റപത്രവും/കുറ്റാരോപണ പത്രികയും നൽകി സർക്കാർതലത്തിൽ തുടർ നടപടി സ്വീകരിച്ചു വരുന്നു. മറ്റ് ഉദ്യോഗസ്ഥരായ സെക്ഷൻ ഫോറസ്റ്റ് ഓഫീസർ ശ്രീ.അരുൺ ലാൽ, ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരായ ശ്രീ. എസ്.ഷജീദ്, ശ്രീ. പി. രാജേഷ് കുമാർ, ശ്രീമതി. യു.രമ്യ എന്നിവർക്കെതിരെ സർക്കിൾ, ഡിവിഷൻ തലങ്ങളിൽ അച്ചടക്ക നടപടികൾ സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| | | | വയനാട് വൈൽഡ് ലൈഫ് ഡിവിഷനുകീഴിലെ മുത്തങ്ങ റെയിഞ്ചിൽ മരഗദ ആന്റി പോച്ചിങ് ക്യാമ്പ് ഷെഡിന് മുൻപിൽ ചെറു മൃഗങ്ങളെ വാച്ചർമാർ കുരുക്കുവച്ച് പിടികൂടുന്നത് പെട്രോളിംഗ് വേളയിൽ റെയിഞ്ച് ഓഫീസറുടെ ശ്രദ്ധയിൽപ്പെടുകയും, ആയതിന് ഒ.ആർ.1/21 (എം.എഫ്.എസ്.) നമ്പർ ആയി കേസ് ബുക്ക് ചെയ്യുകയും ആയത് ബഹു.കോടതിയിൽ സി.സി.611/22 നമ്പർ ആയി വിചാരണ നടന്നുവരുന്നതുമാണ്. ടി കേസിലെ പ്രതികളായിട്ടുള്ള ഫോറസ്റ്റ് വാച്ചർമാരായ ശ്രീ.കെ.കൃഷ്ണൻ, ശ്രീ.രാഗേഷ്.വി എന്നിവർക്കെതിരെ ഡിവിഷൻ തലത്തിൽ അച്ചടക്ക നടപടിയും സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ